ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 12.12.2024

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും പ്രതിപക്ഷ ബഹളം. രാജ്യസഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു.
2. ഒരു രാജ്യം , ഒരു തിരഞ്ഞെടുപ്പ് എന്ന ആശയം നടപ്പാക്കുന്നതിലൂടെ രാജ്യത്തെ ആഭ്യന്തര ഉത്പാദന നിരക്ക് ഉയർത്താൻ സാധിക്കുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്.
3. വൈക്കം സത്യാഗ്രഹം ജാതിവിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾക്ക് പ്രചോദനം പകരുന്നതാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ.
4. ബാലാവകാശങ്ങൾ നിഷേധിക്കപ്പെട്ട് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ചൂഷണങ്ങൾക്ക് കുട്ടികൾ വിധേയരാകുന്നത് ഗൗരവമായി കാണേണ്ടതുണ്ടെന്നും മന്ത്രി എം.ബി രാജേഷ്.
5. കണ്ണൂർ-മലപ്പുറം ജില്ലകളിൽ മുണ്ടിനീര് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ്.
6. കാനനപാത വഴി ശബരിമലയിലെത്തുന്ന തീർത്ഥാടകർ സമയക്രമം പാലിക്കണമെന്ന് വനംവകുപ്പ്.

*******************************************

PNU TVPM

**രാഷ്ട്രപതി**

നേപ്പാൾ സേനയുടെ സൈനിക മേധാവി സുപ്രബൽ ജനസേവ ശ്രീ ജനറൽ അശോക് രാജ് സിഗ്ഡെലിന് രാഷ്ട്രപതി ദ്രൗപതി മുർമു, ഇന്ത്യൻ സേനയുടെ ഓണററി ജനറൽ പദവി സമ്മാനിച്ചു. ന്യൂഡൽഹിയിൽ രാഷ്ട്രപതി ഭവനിലാണ് ചടങ്ങ് നടന്നത്.

****************************************

**പ്രധാനമന്ത്രി – ജൽ ജീവൻ മിഷൻ**

ജൽ ജീവൻ മിഷൻ, സ്ത്രീശാക്തീകരണം കൂടുതൽ ശക്തിപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ശുദ്ധജലം വീട്ടുവാതിൽക്കൽ എത്തിയതോടെ സ്ത്രീകൾക്ക്, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് നൈപുണ്യ വികസനത്തിലും സ്വാശ്രയത്വത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നുണ്ടെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

****************************************

RNU TVPM

**പാർലമെന്റ്**

പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും പ്രതിപക്ഷ ബഹളം. പ്രതിപക്ഷം തുടർച്ചയായി രാജ്യസഭാ നടപടികൾ തടസ്സപ്പെടുത്തുകയാണെന്ന് സഭാ നേതാവ് ജെ.പി നഡ്ഡ. രാജ്യസഭയിൽ നടപടിക്രമങ്ങൾ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭാ നടപടികൾ രണ്ട് മണി വരെ നിർത്തി വച്ചു. ലോക് സഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സഭ തുടങ്ങുന്നതിന് മുമ്പ് പാർലമെന്റ് സമുച്ചയത്തിൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധം സംഘടിപ്പിച്ചു. പ്രമുഖ വ്യവസായ

ഗ്രൂപ്പിനെതിരെയുള്ള കൈക്കൂലി ആരോപണം സംയുക്ത പാർലമെന്ററി കമ്മിറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.
****************************************

**രാംനാഥ് കോവിന്ദ്**

രാജ്യത്തെ ആഭ്യന്തര ഉല്പാദന നിരക്ക് 1 മുതൽ 1.5 ശതമാനം വരെ ഉയർത്താൻ **ഒരു രാജ്യം , ഒരു തെരെഞ്ഞെടുപ്പ്** എന്ന ആശയം നടപ്പാക്കുന്നതിലൂടെ സാധ്യമാകുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്. ഒരു രാജ്യം ഒരു തെരെഞ്ഞെടുപ്പ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന് സമവായം ഉണ്ടാക്കേണ്ടതുണ്ടെന്ന് കമ്മിറ്റി ചെയർമാൻ കൂടിയായ ശ്രീ കോവിന്ദ് പറഞ്ഞു.കാൺപൂരിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തു വലിയ മാറ്റങ്ങൾ വരുത്താൻ 'ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ് പ്രക്രിയക്ക് കഴിയുമെന്നും ശ്രീ രാംനാഥ് കോവിന്ദ് പറഞ്ഞു.
****************************************

**എം. കെ സ്റ്റാലിൻ - (ഇൻട്രോ)**

ജാതിവിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾക്ക് പ്രചോദനം പകർന്ന സത്യാഗ്രഹമാണ് വൈക്കത്ത് നടന്നതെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. പെരിയാർ സ്മാരകവും പെരിയാർ ഗ്രന്ഥശാലയും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഇന്ന് വൈക്കത്ത് ഉദ്ഘാടനം ചെയ്യു.

**(ഹോൾഡ് വോയിസ്...............)**

RNUTVPM

വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിലും ശ്രീ.എം.കെ സ്റ്റാലിൻ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. പ്രത്യയശാസ്ത്രങ്ങളും നിയമവും ധർമ്മവും കാലത്തിന് അനുസൃതമായി നവീകരിക്കപ്പെടണം എന്ന കാഴ്ചപ്പാടായിരുന്നു പെരിയാറിന് ഉണ്ടായിരുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

****************************************

**എം. കെ സ്റ്റാലിൻ - (ഇൻട്രോ)**

ജാതിവിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾക്ക് പ്രചോദനം പകർന്ന സത്യാഗ്രഹമാണ് വൈക്കത്ത് നടന്നതെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. പെരിയാർ സ്മാരകവും പെരിയാർ ഗ്രന്ഥശാലയും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഇന്ന് വൈക്കത്ത് ഉദ്ഘാടനം ചെയ്തു.

**(ഹോൾഡ് വോയിസ്..............)**

വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിലും ശ്രീ.എം.കെ സ്റ്റാലിൻ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. പ്രത്യയശാസ്ത്രങ്ങളും നിയമവും ധർമ്മവും കാലത്തിന് അനുസൃതമായി നവീകരിക്കപ്പെടണം എന്ന കാഴ്ചപ്പാടായിരുന്നു പെരിയാറിന് ഉണ്ടായിരുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സമധർമ്മം എന്ന കാഴ്ചപ്പാടാണ് പെരിയാർ മുന്നോട്ട് വച്ചത്. ജാതി-വർണ്ണ വിവേചനങ്ങൾക്കെതിരെയുള്ള സമരമായിരുന്നു വൈക്കം സത്യാഗ്രഹം. അതുകൊണ്ട് തന്നെയാണ് പെരിയാർ ഈ സമരത്തിന്റെ ഭാഗമായതെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

****************************************

## ദിവ്യ കലാമേള

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന് കീഴിലുള്ള ഭിന്നശേഷി വ്യക്തികളുടെ ശാക്തീകരണ വകുപ്പിന്റെ നേതൃത്വത്തിൽ 22-ാമത് ദിവ്യ കലാമേള ഇന്ന് മുതൽ ന്യൂഡൽഹിയിലെ ഇന്ത്യാ ഗേറ്റിൽ നടക്കും.

ഇന്ത്യയിലുടനീളമുള്ള ദിവ്യാംഗ കരകൗശല വിദഗ്ധർ, സംരംഭകർ, കലാകാരന്മാർ എന്നിവരുടെ കഴിവുകൾ, പരിപാടിയിൽ പ്രദർശിപ്പിക്കും. ഈ മാസം 22 വരെയാണ് പരിപാടി.

****************************************

## മുണ്ടിനീര്, ഡി.എം.ഒ – (ഇൻട്രോ)

കണ്ണൂർ-മലപ്പുറം ജില്ലകളിൽ  മുണ്ടിനീര് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ്. വായുവിലൂടെ പകരുന്ന  ഈ രോഗം ഉമിനീർ ഗ്രന്ഥികളെ ആണ് ബാധിക്കുന്നത്. അഞ്ച് മുതൽ 15 വയസ്സ് വരെയുള്ള കുട്ടികളെയാണ് ഈ രോഗം കൂടുതൽ ബാധിക്കുന്നതെങ്കിലും മുതിർന്നവരിലും കാണപ്പെടാറുണ്ട്. എന്നാൽ, രോഗം കുട്ടികളിലേക്കാൾ ഗുരുതരമാകുന്നത് മുതിർന്നവരിലാണ്. മലപ്പുറം ജില്ലയിൽ ഈ വർഷം 13,643 പേർക്കും കണ്ണൂർ ജില്ലയിൽ 12,800 പേർക്കുമാണ് രോഗം റിപ്പോർട്ട് ചെയ്തത്.

**കണ്ണൂർ ഡെപ്യൂട്ടി ഡി.എം.ഒ ഡോ.സച്ചിൻ കെ.സി ആകാശവാണി വാർത്തകളോട് ....**

**(വോയിസ്....)**

****************************************

RNUTVPM

## സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ

ഏഴാമത് സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ കർണാടകയിലെ ഒൻപത് സ്ഥാപനങ്ങളിലായി പുരോഗമിക്കുന്നു. 36 മണിക്കൂർ സോഫ്റ്റ് വെയർ എഡിഷനും അഞ്ച് ദിവസത്തെ ഹാർഡ് വെയർ എഡിഷനും അടങ്ങിയതാണ് ഹാക്കത്തോൺ.

****************************************

## മെറ്റ – സോഷ്യൽ മീഡിയ

സോഷ്യൽ മീഡിയ ഭീമനായ മെറ്റയുടെ പ്രവർത്തനം ആഗോള തലത്തിൽ തടസ്സപ്പെട്ടു. ഇതോടെ ഉപയോക്താക്കൾക്ക് ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, മെസഞ്ചർ, വാട്ട്സ്ആപ്പ് അക്കൗണ്ടുകളിൽപ്രവേശിക്കാൻ കഴിയാത്ത സാഹചര്യമാണ്. സാങ്കേതിക തകരാർ നേരിട്ടതായി മെറ്റ സ്ഥിരീകരിച്ചിട്ടുണ്ട്. പ്രശ്നം ഉടൻ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

****************************************

RNU TVPM

## മന്ത്രി എം ബി രാജേഷ്

കുടുംബങ്ങൾക്കകത്തും സമൂഹത്തിലും കുട്ടികൾക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമൂഹത്തിൽ ബാലാവകാശ സാക്ഷരത അനിവാര്യമെന്ന് മന്ത്രി എം ബി രാജേഷ്. ബാലാവകാശങ്ങൾ നിഷേധിക്കപ്പെട്ട് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ചൂഷണങ്ങൾക്ക് കുട്ടികൾ വിധേയമാകുന്നത് ഗൗരവമായി കാണേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ബാലസൗഹൃദ രക്ഷാകർതൃത്വം ഏകദിന പരിശീലനത്തിന്റെ സമാപന സമ്മേളനം ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യ വിരുദ്ധമായ

അടിച്ചമർത്തലുകളുടെ ഇരകളായി കുട്ടികളെ മാറ്റാൻപാടില്ലെന്നും കുട്ടികളെ വളർത്തുകയല്ല, വളരാനുള്ള സാഹചര്യമാണ് മാതാപിതാക്കൾ ഒരുക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

****************************************

**ആഗോള ആയുർവേദ കോൺഗ്രസ്**

ആഗോള ആയുർവേദ കോൺഗ്രസും ആയുർവേദ എക്സ്പോയും ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ ഇന്ന് ആരംഭിക്കും. ആയുർവേദ മേഖലയിലെ ഗവേഷണം, വികസനം, മുന്നേറ്റങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. **"ഡിജിറ്റൽ ഹെൽത്ത്, ആയുർവേദ സമീപനം"** എന്നതാണ് ഈ വർഷത്തെ പ്രമേയം. ആധുനിക സാങ്കേതിക മുന്നേറ്റങ്ങളോടൊപ്പം പരമ്പരാഗത ആയുർവേദത്തെ സമന്വയിപ്പിക്കുന്നതിൽ പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. **5,500-ലധികം** ഇന്ത്യൻ പ്രതിനിധികളും **350-ലധികം** അന്താരാഷ്ട്ര പങ്കാളികളും നാല് ദിവസത്തെ കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്.

****************************************

**ഐക്യരാഷ്ട്രസഭ**

പലസ്തീൻ ജനതയെ സഹായിക്കുന്നതിനായി 4.1 ബില്യൺ ഡോളർ ധനസഹായം അഭ്യർത്ഥിച്ച് ഐക്യരാഷ്ട്രസഭ.

ഇതിൽ ഏകദേശം 90 ശതമാനം രൂപയും ഗാസയിലെ മാനുഷിക സഹായത്തിനാണെന്ന് യുഎൻ ഓഫീസ് ഫോർ ദി കോർഡിനേഷൻ ഓഫ് ഹ്യൂമാനിറ്റേറിയൻ അഫയേഴ്സ്അറിയിച്ചു. ബാക്കി തുക കിഴക്കൻ ജറുസലേം

RNUTVPM

ഉൾപ്പെടെയുള്ള വെസ്റ്റ് ബാങ്കിനായി ഉപയോഗിക്കാനാണെന്നും യു എൻ അറിയിച്ചു.

*****************************************

**ശബരിമല - (ഇൻട്രോ)**

കാനനപാത വഴി ശബരിമലയ്ക്ക് എത്തുന്ന തീർഥാടകർ സമയക്രമം പാലിക്കണമെന്ന് വനം വകുപ്പ്. സത്രം പുല്ലുമേട് വഴി രാവിലെ 7 മുതൽ ഉച്ചയ്ക്ക് 1 മണി വരെയും മുക്കുഴി വഴി രാവിലെ 7 മുതൽ 3 വരെയും മാത്രമാണ് പ്രവേശനം അനുവദിക്കുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്.....)**

*****************************************

**മഴ – സംസ്ഥാനം**

സംസ്ഥാനത്ത് ഇന്ന് മുതൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് മീൻപിടിത്തത്തിന് വിലക്ക് ഏർപ്പെടുത്തി.

*****************************************

**ചലച്ചിത്രമേള –(ഇൻട്രോ)**

29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം ആറ് മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചലച്ചിത്ര മേള

RNU TVPM

ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ശബാന അസ്മി മുഖ്യാതിഥിയാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.... (വോയിസ്.........)**

കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ഭാഗമായി മൺമറഞ്ഞ ചലച്ചിത്ര പ്രതിഭകൾക്ക് ആദരവർപ്പിച്ച് ഇന്ന് സ്മൃതി ദീപ പ്രയാണം സംഘടിപ്പിക്കും. രാവിലെ നെയ്യാറ്റിൻകര മുൻസിപ്പൽ സ്റ്റേഡിയത്തിൽ നിന്നാരംഭിക്കുന്ന സ്മൃതി ദീപ പ്രയാണം വൈകിട്ട് മാനവീയം വീഥിയിൽ എത്തിച്ചേരും.

RNU TVPM

*********************************************

**ചെസ്**

സിംഗപ്പൂരിൽ നടക്കുന്ന ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ 14-ാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡൊമ്മരാജു ഗുകേഷ് നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിംഗ് ലിറനെ ഇന്ന് നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30-നാണ് മത്സരം ആരംഭിക്കുന്നത്. ഈ ഗെയിമിൽ വിജയിക്കുന്നയാൾ ലോക ചാമ്പ്യനായി മാറും. കളി സമനിലയിൽ കലാശിച്ചാൽ ടൈബ്രേക്കുകൾ നാളെ നടക്കും.

*********************************************

**ഐ.എസ്.എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ്ബംഗാൾ എസ് സി, ഒഡിഷ എഫ് സി യെ നേരിടും. വൈകിട്ട് 7.30 ന് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈയിൻ FCഎതിരില്ലാത്ത ഒരു ഗോളിന് ഹൈദരാബാദ് FC യെ തോൽപ്പിച്ചു.

**************************************

**കവിസമ്മേളനം-ആകാശവാണി**

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ആകാശവാണി സംഘടിപ്പിക്കുന്ന സർവ്വഭാഷാ കവി സമ്മേളനത്തിൽ മലയാളത്തിൽ നിന്നും കവി മാധവൻ പുറച്ചേരി പങ്കെടുക്കും. ജനുവരി 19-ന് മുംബൈയിലാണ് കവിസമ്മേളനം.

RNU TVPM

**************************************

**************************************

*****************